KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

റഫ നമ്പർ 3025/ Plg

തിയ്യതി 14.05.2021

**സർക്കുലർ നമ്പർ 42 / 2021 (BD)**

വിഷയം : കോവിഡ് രോഗികളുടെ സമാശ്വാസത്തിനായി "**സൗഖ്യ സ്വർണ്ണപ്പണയ വായ്പ**" അവതരിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 3021 Plg dtd 10.05.2021.

കോവിഡ് 19 ന്റെ രണ്ടാം തരംഗത്തിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2021 മേയ് 13 ലെ കണക്കുകൾ പ്രകാരം 4,38,913 കോവിഡ് രോഗികൾ കേരളത്തിലുണ്ട്. ലക്ഷക്കണക്കിന് പേർ കോവിഡ് വിമുക്തരായി ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കോവിഡ് മൂലമുള്ള മരണങ്ങൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെങ്കിലും, ഒന്നാം തരംഗത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്. രോഗം പൂർണ്ണമായി മാറിയവരിൽ തന്നെ പലർക്കും ഉപജീവനത്തിന് വേണ്ടി പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം ലോക്ക് ഡൗണും മറ്റ് നിയന്ത്രണങ്ങളും മൂലം സംജാതമായിട്ടുണ്ട്.

ചികിത്സയും മറ്റ് അനുബന്ധ സാഹചര്യങ്ങളും കണക്കിലെടുത്ത് മേൽപ്പറഞ്ഞവരേയും കുടുംബത്തേയും സാമ്പത്തികമായി സഹായിക്കുക എന്നത് ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കെ.എസ്.എഫ്.ഇ. യുടെ കടമയായി ഏറ്റെടുത്ത്, അവർക്കു വേണ്ടി **"സൗഖ്യ സ്വർണ്ണപ്പണയ വായ്പ"** എന്ന പേരിൽ പുതിയ ഒരു സ്വർണ്ണപ്പണയവായ്പാപദ്ധതി ആരംഭിക്കുകയാണ്.കോവിഡ് രോഗികൾക്കോ കുടുംബാംഗങ്ങൾക്കോ രോഗകാലഘട്ടത്തിൽ കോവിഡ് പ്രോട്ടോക്കോൾ പ്രകാരം കെ.എസ്.എഫ്.ഇ ശാഖകളിൽ വരാൻ കഴിയാത്ത സാഹചര്യത്തിൽ, ഈ രണ്ടാം തരംഗത്തിൽ കോവിഡിനെ അതിജീവിച്ചവർക്കും കുടുംബാംഗങ്ങൾക്കും/കോവിഡ് മൂലം ദൗർഭാഗ്യവശാൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുമാണ് ഈ വായ്പ നൽകുന്നത്

**" സൗഖ്യ സ്വർണ്ണപ്പണയ വായ്പ"യുടെ പ്രത്യേകതകൾ**

- കോവിഡിനെ അതിജീവിച്ച പ്രായപൂർത്തിയായവർക്കോ അവരുടെ കുടുംബാംഗങ്ങളിൽ പ്രായപൂർത്തിയായ ഒരാൾക്കോ **1,00,000 രൂപ വരെ 5% വാർഷിക പലിശ നിരക്കിൽ** സ്വർണ്ണപ്പണയ വായ്പ നൽകുന്നു
- ദൗർഭാഗ്യവശാൽ കോവിഡ് രോഗബാധ മൂലം മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളിൽ പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് മേൽപ്പറഞ്ഞ വായ്പ ലഭ്യമാക്കുന്നതാണ്.

- കുടുംബാംഗങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കോവിഡ് അതിജീവിച്ചവരുടെ/ കോവിഡ് മൂലം ദൗർഭാഗ്യവശാൽ മരണപ്പെട്ടവരുടെ പേര് ഉൾക്കൊള്ളുന്ന **റേഷൻ കാർഡിൽ** പേര് ചേർത്തിട്ടുള്ള വ്യക്തികൾ ആണ്.
- **2021 മാർച്ച് 1** ന് ശേഷം കോവിഡ് രോഗബാധ ഉണ്ടായവർക്കും കുടുംബാംഗങ്ങൾക്കും ആണ് ഈ വായ്പ അനുവദിക്കുക.
- **2021 മെയ് 14** ന് ആരംഭിയ്ക്കുന്ന ഈ പദ്ധതി **2021 ജൂൺ 15** വരെ പ്രാഥമികമായി നിലനിൽക്കുന്നതാണ്. അതിനുശേഷം പുരോഗതി അപഗ്രഥിച്ചതിനുശേഷം പദ്ധതിയുടെ കാലാവധി നീട്ടുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.
- ഈ പദ്ധതി പ്രകാരം വായ്പയെടുക്കുന്നവർ **6 മാസത്തിനുള്ളിൽ** വായ്പ, പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.
- അല്ലാത്തപക്ഷം, അവരുടെ വായ്പകൾ സാധാരണ സ്വർണ്ണപ്പണയ വായ്പയായി കണക്കാക്കുകയും തുടക്കം മുതൽ അതനുസരിച്ചുള്ള പലിശ ഈടാക്കുന്നതുമായിരിക്കും.
- ഈ വായ്പ എടുക്കാനാഗ്രഹിക്കുന്നവരിൽ നിന്നും സാധാരണ സ്വർണ്ണപ്പണയ വായ്പയ്ക്ക് ബാധകമായ രേഖകൾക്ക് പുറമേ, **റേഷൻ കാർഡിന്റെ** കോപ്പിയും ബന്ധപ്പെട്ട രോഗവിമുക്തരുടെ/മരണപ്പെട്ടവരുടെ ലഭ്യമായ ചികിത്സാ രേഖകളുടെ കോപ്പികളും ശേഖരിച്ച് വായ്പയ്ക്ക് അർഹരാണെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹാജരാക്കുന്ന റേഷൻകാർഡിൽ ബന്ധപ്പെട്ട കോവിഡ് വിമുക്തരുടെ/ മരണപ്പെട്ടവരുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കുടുംബാംഗങ്ങളാണ് ലോൺ ആവശ്യപ്പെടുന്നതെങ്കിൽ അവരുടെ പേരും കോവിഡ് വിമുക്തരുടെ / മരണപ്പെട്ടവരുടെ പേര് ഉൾക്കൊള്ളുന്ന അതേ റേഷൻകാർഡിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഈ വായ്പ കോവിഡ് രോഗവിമുക്തനോ പ്രായപൂർത്തിയായ കുടുംബാംഗങ്ങളിൽ ഒരാൾക്കോ/ കോവിഡ് മൂലം മരണപ്പെട്ടവരുടെ പ്രായപൂർത്തിയായ കുടുംബാംഗങ്ങളിൽ ഒരാൾക്കോ കെ.എസ്.എഫ്.ഇ യിൽ നിന്ന് ഒരു പ്രാവശ്യം മാത്രമേ അനുവദിയ്ക്കൂ. ശാഖ അവർക്ക് തെരഞ്ഞെടുക്കാവുന്നതാണ്.ഒന്നിൽ കൂടുതൽ വായ്പയെടുത്താൽ ആദ്യവായ്പയൊഴികെ മറ്റെല്ലാം സാധാരണ സ്വർണ്ണപ്പണയ വായ്പയായി കണക്കാക്കുകയും പലിശ നിരക്ക് ഉൾപ്പെടെ സാധാരണ സ്വർണ്ണപ്പണയ വായ്പയുടെ നിബന്ധനകൾക്ക് വിധേയമാക്കുകയും ചെയ്യുന്നതാണ്. ഒന്നിൽ കൂടുതൽ വായ്പ എടുക്കുന്നതല്ല എന്ന് കാണിക്കുന്ന ഒരു സത്യവാങ്മൂലം വായ്പ എടുക്കുന്നവർ നൽകേണ്ടതാണ്. (മാതൃക ഡൗൺലോഡ്സിൽ ലഭ്യമാണ്)
- ഒന്നിൽ കൂടുതൽ വായ്പ എടുക്കുന്നില്ല എന്ന് ഉറപ്പുവരുത്താനായി, ഈ ആവശ്യത്തിനായുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ച് ഹെഡ് ഓഫീസ് ഐ.ടി വിഭാഗത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ് (മാതൃകയും നിർദ്ദേശങ്ങളും ഡൗൺലോഡ്സിൽ).
- സാധാരണ സ്വർണ്ണപ്പണയ വായ്പയ്ക്ക് ബാധകമായ ബാക്കി നിബന്ധനകൾ എല്ലാം തന്നെ ഈ വായ്പയ്ക്കും ബാധകമായിരിക്കും.

ഈ പദ്ധതിയുടെ സാമൂഹ്യ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പൊതുജനങ്ങളിലേയ്ക്ക് ഇതിന്റെ സന്ദേശമെത്തിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഓരോ ശാഖയും നടത്തേണ്ടതാണ്.

കെ.എസ്.എഫ്.ഇ ജീവനക്കാർക്കും, കുടുംബാംഗങ്ങൾക്കും ഈ വായ്പാപദ്ധതി ബാധകമല്ല.

വിശ്വസ്തതയോടെ,

കെ.എസ്.എഫ്.ഇ യ്ക്ക് വേണ്ടി,

**വി.പി.സുബ്രഹ്മണ്യൻ**

**മാനേജിംഗ് ഡയറക്ടർ**

To, എല്ലാ ശാഖാ തലവൻമാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv. എല്ലാ SDT ഓഫീസുകൾക്കും
v. എം.ഡി യുടെ പി എ
vi. സർക്കുലർ ഫയൽ